"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2022-23 വർഷത്തെ ബോണസ് നൽകുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്**

സ.ഉ.(അച്ചടി) നം.69/2023/LBR  തീയതി,തിരുവനന്തപുരം, 14-08-2023

---

**<u>ഉത്തരവ്</u>**

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2022-23 വർഷത്തെ ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ബോണസ് ആക്ടിന്റെ നാളിതുവരെയുള്ള ഭേദഗതികൾക്ക് അനുസൃതമായി ബോണസ് നൽകേണ്ടതാണ്. സംസ്ഥാന സർക്കാർ ഭൂരിപക്ഷം ഷെയറുകളും കൈവശം വെച്ചിട്ടുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും 8.33% മിനിമം ബോണസ് നൽകേണ്ടതാണ്. 8.33 ശതമാനത്തേക്കാൾ കൂടുതൽ ബോണസ് പ്രഖ്യാപിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ 2022-23 -ലെ വരവ് ചെലവ് കണക്കിന്റെ ഇന്റേണൽ ഓഡിറ്റ് പൂർത്തീകരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. 2021-22 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും പൂർത്തീകരിക്കേണ്ടതാണ്.

2. 2022-23 സാമ്പത്തിക വർഷം ഉൾപ്പെടെ തൊട്ടുമുമ്പുള്ള ഏതെങ്കിലും അഞ്ച് അക്കൗണ്ടിംഗ് വർഷത്തിലൊന്നിൽ ഉൽപ്പാദനം ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മിനിമം ബോണസ് അനുവദിക്കാവുന്നതാണ്. ഒരു വർഷം കുറഞ്ഞത് 30 പ്രവർത്തി ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള ജീവനക്കാരന് ബോണസിന് അർഹത ഉണ്ടായിരിക്കും.

3. 2022-23 വർഷം ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം കൃത്യമായും ബോണസ് നൽകിയിരിക്കണം. പെയ്മെന്റ് ഓഫ് ബോണസ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള കുറഞ്ഞ ബോണസിൽ അധികരിച്ച ബോണസ് നൽകുന്ന ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾ, പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ സെക്ഷൻ 11 അനുസരിച്ച് ബോണസിന്റെ പരിധി 20% ൽ അധികരിക്കരുതെന്ന വ്യവസ്ഥ പാലിക്കേണ്ടതാണ്. സെക്ഷൻ 11 ൽ പ്രതിപാദിക്കുന്നത് ".... ആയത് ജീവനക്കാരൻ ഒരു അക്കൗണ്ടിംഗ് വർഷം വാങ്ങുന്ന ശമ്പളത്തിന് അഥവാ വേതനത്തിന് ആനുപാതികമായ ശമ്പളത്തിന്റെ അഥവാ വേതനത്തിന്റെ 20% ൽ അധികരിക്കാത്ത വിധത്തിൽ" എന്നാണ്.

4. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതും എന്നാൽ പ്രധാനമായും സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ്, പ്രവർത്തന മൂലധന സഹായം തുടങ്ങിയ ബജറ്ററി സപ്പോർട്ട് ഉപയോഗപ്പെടുത്തി 2022-23 സാമ്പത്തിക വർഷത്തിൽ ലാഭം ഉണ്ടാക്കിയിട്ടുള്ള അഥവാ സ്ഥാപനത്തിന്റെ മൊത്തം ആസ്തി 31.03.2023-ൽ നെഗറ്റീവ് ആയിട്ടുള്ളതോ ആയ

പൊതുമേഖലാ സ്ഥാപനങ്ങൾ ബോണസ് 8.33 ശതമാനത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്.

5. 2022-23 സാമ്പത്തിക വർഷത്തിൽ നഷ്ടം ഉണ്ടായ സ്ഥാപനങ്ങൾ പെയ്മെന്റ് ഓഫ് ബോണസ് ആക്ട് പ്രകാരം അർഹതപ്പെട്ട ബോണസ് 8.33 ശതമാനത്തിൽ അധികരിച്ച് അനുവദിക്കാൻ പാടില്ല.

6. നാളിതുവരെ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾ ബോണസ് അനുവദിക്കാവൂ. പ്രതിമാസം 24,000/-രൂപ വരെ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് മാത്രമേ ബോണസിന് അർഹതയുള്ളൂ. (ജീവനക്കാരൻ എന്ന നിർവ്വചനത്തിൽ അപ്രന്റീസ് ഉൾപ്പെടുന്നില്ല).

7. കയർ, കശുവണ്ടി മേഖലകളിലെ തൊഴിലാളികൾക്ക് ബന്ധപ്പെട്ട വ്യവസായ ബന്ധസമിതികളുടെ തീരുമാനപ്രകാരമുള്ള ബോണസ് അനുവദിക്കേണ്ടതാണ്.

8. 24,000/- രൂപയിൽ കൂടുതൽ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുന്ന പ്രത്യേക ഉത്സവബത്ത ഒഴികെ ബോണസോ എക്സ്ഗ്രേഷ്യയോ ഇൻസന്റീവ് ആനുകൂല്യങ്ങളോ മറ്റേതെങ്കിലും പേരിലുള്ള ആനുകൂല്യങ്ങളോ നൽകാൻ പാടില്ല. മികച്ച പ്രവർത്തനം കാഴ്ചവച്ച പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രൊഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ്, ഭരണ വകുപ്പിന്റെ അനുമതിയോടുകൂടി നടപ്പിലാക്കാവുന്നതാണ്. അതാത് സ്ഥാപനങ്ങളിലെ പ്രൊഡക്ടിവിറ്റിയിലൂന്നിയ വർദ്ധനവിന്റെ അടിസ്ഥാനത്തിലായിരിക്കണം ഇത് നടപ്പിലാക്കേണ്ടത്. ഇൻസ്റ്റാൾഡ് കപ്പാസിറ്റി അനുസരിച്ചുള്ള മാനദണ്ഡം അതാത് സ്ഥാപനങ്ങൾ നിർണ്ണയിക്കേണ്ടതാണ്.

9. ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളോ, ബോർഡുകളോ, സഹകരണ സ്ഥാപനങ്ങളോ, മറ്റേതെങ്കിലും സ്ഥാപനങ്ങളോ ആനുകൂല്യങ്ങൾ അനുവദിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുവാൻ പാടുള്ളതല്ല. മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നുള്ള ലംഘനത്തിന് ബന്ധപ്പെട്ട സ്ഥാപനത്തിലെ മേധാവിയും സ്ഥാപനങ്ങളിലെ ധനകാര്യ വിഭാഗം മേധാവിയും വ്യക്തിപരമായി ഉത്തരവാദികളായിരിക്കും.

10. പൊതു മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിക്കുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു എങ്കിൽ, ആയതിൽ സർക്കാരിന് വ്യക്തമായ തീരുമാനം കൈക്കൊള്ളുന്നതിനായി, ഡയറക്ടർ ബോർഡിന്റെ അംഗീകാരം നേടിയ ശേഷം സർക്കാരിന്റെ അംഗീകാരത്തിനായി, പരമാവധി ഓണത്തിന് 15 ദിവസം മുമ്പെങ്കിലും പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള സമയപരിധി പാലിക്കേണ്ടത് ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ഉത്തരവാദിത്തം ആയിരിക്കും.

11. ഈ ഉത്തരവ് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉൽപ്പാദനമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും.

12. സർക്കാർ പ്രസ്സുകൾ പോലുള്ള വകുപ്പുകൾ ഈ ഉത്തരവിന്റെ പരിധിയിൽപ്പെടില്ല.

13. ഉൽപ്പാദനമേഖലയുമായി ബന്ധപ്പെടാത്ത സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

14. തൊഴിൽ വകുപ്പ് മന്ത്രി വിളിച്ചു ചേർക്കുന്ന 'ത്രികക്ഷി സമ്മേളന' ത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പു മന്ത്രിമാർ കൈക്കൊള്ളുന്ന ബോണസ് സംബന്ധിച്ച തീരുമാനം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം നേടിയ ശേഷം മാത്രം നടപ്പാക്കേണ്ടതാണ്. എന്നാൽ

പരിധിയില്ലാതെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് 'ത്രികക്ഷി സമ്മേളന'ത്തിൽ ഒഴിവാക്കേണ്ടതാണ്. ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ ഉയർന്ന പരിധി മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം നേടിയ ശേഷം ഭരണ വകുപ്പിന് തന്നെ തീരുമാനിക്കാവുന്നതാണ്. മന്ത്രിസഭയുടെ അംഗീകാരം നേടാതെ നൽകുന്ന അധിക ആനുകൂല്യങ്ങൾ യാതൊരു സാഹചര്യത്തിലും സാധൂകരിക്കപ്പെടുകയില്ല.

15. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകുന്ന അധിക തുക ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്.

16. എക്സ്ഗ്രേഷ്യാ, പെർഫോർമൻസ് ലിങ്ക്ഡ് ഇൻസെന്റിവ്, ഇൻസെന്റിവ്, ഫെസ്റ്റിവൽ ഗിഫ്റ്റ് തുടങ്ങി ഏതു പേരിൽ വിവക്ഷിക്കപ്പെട്ടാലും മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കനുസൃതമായി ബോണസ്സിന്റെ പരിധി നിജപ്പെടുത്തേണ്ടതാണ്.

17. പുതിയതായി 2022 വർഷത്തെ ബോണസ്, ഫെസ്റ്റിവൽ ഗിഫ്റ്റ് മുതലായവ അനുവദിക്കുന്നത് 2022-23-ലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കണം.

18. ഈ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതാണ്

2) വ്യവസായ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട് മേൽപരാമർശിച്ച മാർഗ്ഗനിർദ്ദേശം 4,5,6,8 എന്നിവയ്ക്ക് പകരമായി ചുവടെ കൊടുത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

പൊതുമേഖലയിൽ മെച്ചപ്പെട്ട വ്യാവസായിക അന്തരീക്ഷം നിലനിർത്തുന്നതിനായി മുൻ സാമ്പത്തിക വർഷത്തിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ കാറ്റഗറി I, II, III & IV എന്നായി തരം തിരിക്കേണ്ടതും ചുവടെ ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

Category - I: മുൻ വർഷത്തെ പ്രവർത്തന ലാഭത്തേക്കാൾ കൂടുതൽ പ്രവർത്തന ലാഭം ഉണ്ടാക്കിയ സ്ഥാപനങ്ങളിൽ ഓരോ ജീവനക്കാരനും നൽകാവുന്ന മൊത്തം ആനുകൂല്യങ്ങൾ (ബോണസ്/ എക്സ്ഗ്രേഷ്യ/ഉത്സവബത്ത/ഗിഫ്റ്റ്) മുൻ വർഷത്തെ തുകയേക്കാൾ 2% മുതൽ 8% വരെ (കുറഞ്ഞത് 5000/- രൂപ) ലാഭ വർദ്ധനവിന് ആനുപാതികമായി അധികം നൽകുന്നത് പരിഗണിക്കുന്നതാണ്.

Category -II: മുൻ വർഷത്തെക്കാൾ വിറ്റുവരവ് കൂടി പ്രവർത്തന നഷ്ടം കുറഞ്ഞതോ അല്ലെങ്കിൽ മുൻ വർഷത്തേക്കാൾ പ്രവർത്തന നഷ്ടം 50% ൽ അധികം കുറഞ്ഞതോ അല്ലെങ്കിൽ പ്രവർത്തന ലാഭവും വിറ്റുവരവും കുറഞ്ഞെങ്കിലും ലാഭത്തിൽ തന്നെ പ്രവർത്തിക്കുകയും ചെയ്ത അല്ലെങ്കിൽ പ്രൊവിഷണൽ കണക്കുകൾ ആയതിനാൽ പ്രവർത്തന ലാഭവും വിറ്റുവരവും കൂടിയിട്ടും തനത് വർഷത്തെ ഓണം സംബന്ധിച്ച ആനുകൂല്യങ്ങൾ കഴിഞ്ഞ വർഷത്തെ തോതിൽ നിലനിർത്തുകയും ചെയ്ത സ്ഥാപനങ്ങളിൽ മുൻ വർഷം ഓരോ ജീവനക്കാരനും നൽകിയ മൊത്തം ആനുകൂല്യങ്ങൾ (ബോണസ് / എക്സ്ഗ്രേഷ്യ/ഉത്സവബത്ത/ഗിഫ്റ്റ്) തന്നെ നൽകുന്നത് പരിഗണിക്കുന്നതാണ്.

Category - III : വിറ്റുവരവ് കുറഞ്ഞ് പ്രവർത്തന നഷ്ടം ഉണ്ടായതോ മുൻ വർഷത്തെ അപേക്ഷിച്ച് പ്രവർത്തന നഷ്ടം കൂടിയതോ ആയ സ്ഥാപനങ്ങളിൽ മുൻ വർഷം ഓരോ ജീവനക്കാരനും നൽകിയ മൊത്തം ആനുകൂല്യങ്ങളിൽ (ബോണസ് / എക്സ്ഗ്രേഷ്യ/ഉത്സവബത്ത/ഗിഫ്റ്റ്) നിന്നും മുൻ വർഷത്തിൽ നിന്നും കുറവ് ആനുപാതികമായി നൽകുന്നത് പരിഗണിക്കുന്നതാണ്.

Category -IV: നഷ്ടത്തിൽ പ്രവർത്തിക്കുന്ന ടെക്സ്റ്റയിൽ മേഖലയിലെ പൊതുമേഖല സ്ഥാപനമാണെങ്കിൽ എല്ലാ ജീവനക്കാർക്കും ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റി (IRC) തീരുമാന പ്രകാരമുള്ള അറ്റൻഡൻസ് ഇൻസെന്റീവിനു പുറമെ ബോണസ് ആനുകൂല്യങ്ങൾ ബോണസ് ആക്ട് പ്രകാരമോ / സഹകരണ രജിസ്ട്രാറിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലോ ബോണസ് ആനുകൂല്യങ്ങൾ നൽകുന്നത് പരിഗണിക്കുന്നതാണ്.

പ്രവർത്തന പുരോഗതി കൈവരിക്കുന്ന നിലയ്ക്ക് സ്ഥാപനങ്ങളെ അതിന്റെ പ്രവർത്തനത്തെ മുകളിൽ പറഞ്ഞിരിക്കുന്ന കാറ്റഗറി I, II, III ന്റെ അടിസ്ഥാനത്തിൽ ബോണസ് ആനുകൂല്യങ്ങൾ നൽകുന്നത് പരിഗണിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവുമാർ
മാനേജിംഗ് ഡയറക്ടർ, കെ.എസ്. ആർ.ടി,സി, ട്രാൻസ്പോർട്ട് ഭവൻ, കിഴക്കേക്കോട്ട, തിരുവനന്തപുരം
സെക്രട്ടറി, കെ.എസ്. ഇ.ബി, വൈദ്യുതി ഭവൻ, പട്ടം, തിരുവനന്തപുരം
ലേബർ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഡസ്ട്രീസ് & കൊമേഴ്സ്, വികാസ് ഭവൻ, തിരുവനന്തപുരം
രജിസ്ട്രാർ, കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ്, തിരവനന്തപുരം.
വ്യവസായ (എച്ച്) വകുപ്പ് (IND-H1/102/2023-IND)
ധനകാര്യ (പി.യു-സി) വകുപ്പിന് (E-2482295/PUC1/163/2023/Fin)
പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് (PLGEA-BPE2/177/2023-PLGEA)
ധനകാര്യ/ നിയമ വകുപ്പുകൾ ഉൾപ്പെടെയുള്ള സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ, ആഡിറ്റ്) കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന
പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം. 1717 തീയതി 09/8/2023 പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manjusha.s
Date: 14-08-2023 17:29:31
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു. പൊതുവിദ്യാഭ്യാസ -തൊഴിൽ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പി.എക്ക്.